**കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 62-ാം നമ്പർ ഡിപ്പോ അംഗൻവാടി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം സ്ഥലമുടമയായ ശ്രീ സെയ്താലിയ്ക്ക്, പകരം സ്ഥലവും കെട്ടിടവും വിട്ടുതരാം എന്ന വ്യവസ്ഥയിൽ, വിട്ടു നല്കുന്നതിന് വാഴക്കുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം. 221/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 27/01/2017.

---

പരാമർശം: - 1.വാഴക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.07.14 ലെ V (21)-ാം നമ്പർ തീരുമാനം.

2.വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12.08.14 ലെ 10(2)-ാം നമ്പർ തീരുമാനം.

3.സാമൂഹ്യനീതി ഡയറക്ടറുടെ 09.12.2014 ലെ ഐ.സി.ഡി.എസ്/ബി5 -22922/14 നമ്പർ കത്ത്.

4.പഞ്ചായത്ത് ഡയറക്ടറുടെ 12.05.2015 ലെ സി2 - 10511/15 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ, 62-ാം നമ്പർ ഡിപ്പോ അംഗൻവാടി നിലവിൽ പ്രവർത്തിച്ചുവരുന്ന, വേൾഡ് ബാങ്ക് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം സ്ഥിതി ചെയ്യുന്ന മാറമ്പിള്ളി വില്ലേജിലെ ബ്ലോക്ക് നം. 23, സർവ്വെ നം. 47/6 ലെ 3 സെന്റ് സ്ഥലം വിട്ടുകൊടുക്കണമെന്നും, പകരം അംഗൻവാടിക്കായി മാറമ്പിള്ളി വില്ലേജിലെ ബ്ലോക്ക് നം. 23, സർവ്വെ നം.47/13-4-2 ലെ 4 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് കൈമാറാമെന്നും അറിയിച്ചുകൊണ്ട് സ്ഥലം ഉടമയായ ശ്രീ സെയ്താലി സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (1), (2) പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയും അനുകൂലമായ തീരുമാനമെടുക്കുകയും, കൂടുതൽ വിസ്തൃതമായ സ്ഥലവും കെട്ടിടവും പഞ്ചായത്ത് ലഭ്യമാക്കുന്ന പക്ഷം പ്രസ്തുത സ്ഥലത്ത് അംഗൻവാടി പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ എതിർപ്പില്ലായെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിക്കുകയുമുണ്ടായി. ടി വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ശ്രീ സെയ്താലിയുടെ ഉടമസ്ഥതയിലുള്ളതും അംഗൻവാടിക്കായി കെട്ടിടം പണിത് പഞ്ചായത്തിന് കൈമാറാൻ സമ്മതമറിയിച്ചിട്ടുള്ളതുമായ മാറമ്പിള്ളി വില്ലേജിലെ ബ്ലോക്ക് നം. 23, സർവ്വെ നം.47/13-4-2 ലെ 4 സെന്റ് (01.62 ആർ) വസ്തുവിന്റെ 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും വാങ്ങി, വസ്തുവുമായി ബന്ധപ്പെട്ട് ബാധ്യതകളൊന്നും തന്നെയില്ലായെന്നും, ആധാരം ഗവൺമെന്റ് പ്ലീഡറെ കൊണ്ട് പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിൽ ശരിയായ ഉടമസ്ഥ-കയ്യൊഴിക്കൽ അവകാശമുണ്ടെന്നും പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, നിശ്ചിത കാലയളവിനുള്ളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറുടെ അംഗീകാരത്തോടെ കെട്ടിടം പണിപൂർത്തിയാക്കി സ്ഥലം നിയമാനുസൃതം പഞ്ചായത്തിന് കൈമാറുന്ന മുറയ്ക്ക്, നിലവിൽ അംഗൻവാടി കെട്ടിടം സ്ഥിതി ചെയ്യുന്ന, ശ്രീ സെയ്താലിയുടെ ഉടമസ്ഥതയിലുള്ള , മാറമ്പിള്ളി വില്ലേജിലെ ബ്ലോക്ക് നം. 23, സർവ്വെ നം. 47/6 ലെ 3 സെന്റ് ( 01.21 ആർ) ഭൂമി ടിയാനു വിട്ടുകൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സെയ്താലി, S/o ശ്രീ. അഹമ്മദ് മുക്കടവീട്, മുടിക്കൽ പി .ഓ., ആലുവ, പിൻ - 683547
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എറണാകുളം.
സെക്രട്ടറി, വാഴക്കുളം ഗ്രാമപഞ്ചായത്ത്, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ